**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3674** **09-10-2025 - ൽ മറുപടിയ്ക്ക്**

**തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാനുളള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | **ഉണ്ട്.**<br><br>സംസ്ഥാനത്തെ തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് **സമഗ്ര തെങ്ങു കൃഷി വികസന പദ്ധതി. പുതിയതും ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉത്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. 2025-26 വർഷം 7300 ലക്ഷം രൂപ വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.**<br><br>**ഇതിൽ സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ കേരാധിഷ്ഠിത മൂല്യവർദ്ധിത** |

**ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായികർഷകർക്ക് ധനസഹായം നൽകുന്നു.**

I **കേരഗ്രാമം ഒന്നാം വർഷം** (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം) - താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന പ്രകാരം പ്രാദേശിക ആവശ്യാനുസരണം സംയോജിത പരിചരണ മുറകൾ/ പ്രവർത്തനങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ് .ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.

a)ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/ തെങ്ങ്

b)തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്

c)ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന്

d)സംയോജിതവളപ്രയോഗം

i) കുമ്മായം - 9രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ, - 20രൂപ/തെങ്ങ്

iii) മഗ്നീഷ്യംസൾഫേറ്റ്- 3.75രൂപ/തെങ്ങ്

iv)ജൈവവളം - 25രൂപ/തെങ്ങ്

e)സംയോജിതസസ്യസംരക്ഷണം
i) സസ്യസംരക്ഷണം - 10രൂപ/തെങ്ങ്
ii)കീടനാശിനി പ്രയോഗം (ആവശ്യാനുസരണം)
iii)ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് -75 രൂപ/തെങ്ങ്

f)രോഗം ബാധിച്ചതുംഉൽപ്പാദനശേഷിനശിച്ചതുമായതെങ്ങ് മുറിച്ചുമാറ്റുന്നതിന്-1000രൂപ/തെങ്ങ്

g)ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5

ലക്ഷം രൂപ.
3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.
4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.
5. പഞ്ചായത്തുതല കേര സമിതികൾക്കുള്ളപ്രവർത്തന ചെലവായി 1 ലക്ഷം രൂപ.
6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.
7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.
1-പരിചരണമുറകൾക്കായി 19.2 ലക്ഷം രൂപയും 2- മുതൽ 7- വരെ ഉള്ള ഘടകങ്ങൾക്കു 6.47-ലക്ഷം രൂപ നൽകുന്നു. ആകെ 25.67-ലക്ഷം രൂപ ഒന്നാംവർഷം ഒരുകേരഗ്രാമത്തിനു നൽകുന്നു.

**II<u>കേരഗ്രാമംരണ്ടാംവർഷം:</u>**

രണ്ടാം വർഷം, 100 ha തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8 .00 ലക്ഷം രൂപ സഹായം നൽകുന്നു.

**III)<u>കേരഗ്രാമംമൂന്നാംവർഷം:</u>**

മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

**IV <u>നാളികേര വികസന കൗൺസിലിന്റെ ഭാഗമായി മികച്ച ഇനം തെങ്ങിൻ തൈകളുടെ വിതരണം:</u>**

സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപികരിച്ചു. കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഈ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ

| | | | |
|---|---|---|---|
| | | | 7042614 തെങ്ങിൻതൈകൾ (നാടൻ-5864581, കുറുകിയ ഇനം - 365829 , സങ്കരയിനം -812204 ) 50% സബ്സിഡി നിരക്കിൽ കർഷർക്ക് ലഭ്യമാക്കിയിട്ടുണ്ട്<br><br>**V) <u>കേരരക്ഷാ വാരം</u>**<br><br>തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കേരരക്ഷാവാരം പദ്ധതി നടപ്പിലാക്കുന്നു. നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധ ശാസ്ത്രീയ പരിപാലന രീതികൾ എന്നിവയ്ക്ക് കർഷകർക്കിടയിൽ പ്രചാരം നൽകുന്നു. തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ,ഡൈഞ്ച,ചണമ്പ്) Rs.6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/-രൂപ സബ്സിഡി അനുവദിക്കുന്നു.<br><br>VI)നാളികേര വികസന ബോർഡ് പദ്ധതിയിൽ മാതൃക തോട്ടങ്ങൾ, ജൈവവള നിർമ്മാണ യൂണിറ്റുകൾ,പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചു മാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. |
| (സി) | പുതുതായി തെങ്ങു കൃഷി ആരംഭിക്കുന്ന കർഷകരുടെ തെങ്ങിൻ തൈകൾ അഞ്ചുവർഷം തികയുന്നതിന് മുൻപ് രോഗങ്ങളാൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ സാഹചര്യത്തിൽ തെങ്ങു കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർക്ക് തുടക്കം മുതൽ 8 വർഷം വരെയെങ്കിലും തൈകളുടെ പരിചരണം, വളം | (ഡി) | പുതുതായി തെങ്ങ് കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർക്ക് തൈകൾ മുതൽ ഉള്ള തെങ്ങുകളുടെ പരിചരണം, വളം ചെയ്യൽ, മരുന്നു പ്രയോഗം |

| | | | |
|---|---|---|---|
| | ചെയ്യൽ, മരുന്നു പ്രയോഗം എന്നിവയുമായി ബന്ധപ്പെട്ട് കൃഷിഭവനുകൾ മുഖേന ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ; വിശദാംശം നൽകുമോ? | | എന്നിവയുമായി ബന്ധപ്പെട്ട് കുറഞ്ഞ ചെലവിൽ സഹായം നൽകുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള പദ്ധതികളും പരിപാടികളും ഉണ്ട്.<br><br>കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച ഗുണമേന്മയുള്ള പശ്ചിമ തീരാ നിടിയൻ ഇനം, കുറിയ ഇനം, സങ്കര ഇനം തെങ്ങിൻതൈകൾ അമ്പത് ശതമാനം സബ്സിഡിയിൽ വിതരണം ചെയ്യുന്നു.<br><br>കേരഗ്രാമം പദ്ധതിയിൽ തുടർച്ചയായി മൂന്ന് വർഷം തെങ്ങിനുള്ള പരിചരണം ലഭിക്കുന്നു. ഇതിൽ പുതിയതായി സ്ഥാപിച്ച തോട്ടങ്ങൾ മുതൽ കാലങ്ങളായി നിലനിൽക്കുന്ന തോട്ടങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവ നടപ്പിലാക്കുന്നു.<br><br>കൂടാതെ നാളികേര വികസന പദ്ധതിയുടെ ഘടകമായ കേരരക്ഷ വാരം കാമ്പയിനുകളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധ ശാസ്ത്രീയ പരിപാലന രീതികൾ എന്നിവയ്ക്ക് കർഷകർക്കിടയിൽ പ്രചാരം നൽകുന്നു. തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ,ഡൈഞ്ച,ചണമ്പ്) Rs.6.25/ തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു.തെങ്ങിന്റെ മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്നതിനായി തെങ്ങൊന്നിന് 75/-രൂപ സബ്സിഡി അനുവദിക്കുന്നു.തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കേരരക്ഷാവാരം പദ്ധതി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ